**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - കണ്ണൂർ ജില്ല - മയ്യിൽ ഗ്രാമപഞ്ചായത്ത് - മയ്യിൽ വില്ലേജ് റീസ. 43/2-ൽപ്പെട്ട 25 സെന്റ് സ്ഥലത്ത് ബഡ്സ് സ്ക്കൂൾ നിർമ്മിക്കുന്നതിന് ഗ്രാമപഞ്ചായത്തിന് - അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്**

സ.ഉ. (സാധാ)നം.556/2015/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം: 24.2.2015.

പരാമർശം :
1. 20.08.2014 തീയതിയിലെ മയ്യിൽ ഗ്രാമപഞ്ചായത്തിന്റെ 128/14-ാം നമ്പർ തീരുമാനം.
2. മയ്യിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 3.9.2014 തീയതിയിലെ സി1/2908/13 നമ്പർകത്ത്.
3. കണ്ണൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 16.9.2014 തീയതിയിലെ ബി1/3091/14 നമ്പർകത്ത്.
4. 29.10.2014 തീയതിയിലെ ജനറൽ മാനേജർ കണ്ണൂർ ജില്ല വ്യവസായ കേന്ദ്രത്തിന്റെ സി2/7520/14 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

മയ്യിൽ ഗ്രാമപഞ്ചായത്ത് വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കുന്നതിനായി 2003-2004 ലെ വാർഷിക പദ്ധതിയിൽപ്പെടുത്തി വിലയ്ക്ക് വാങ്ങിയ മയ്യിൽ വില്ലേജ് റിസ 43/2 ൽപ്പെട്ട 0.1942 ഹെക്ടർ ഭൂമിയിൽ തെക്ക് കിഴക്ക് ഭാഗത്തുള്ള 25 സെന്റ് സ്ഥലത്ത് ബഡ്സ് സ്കൂൾ (School for Mentally Retarded under LSGIs) നിർമ്മിക്കുന്നതിന് അനുമതി നല്കണമെന്ന് മയ്യിൽ ഗ്രാമപഞ്ചായത്ത് പരാമർശം (1) പ്രകാരം തീരുമാനിച്ച് പരാമർശം (2) പ്രകാരം സെക്രട്ടറി അനുമതിക്കായി അപേക്ഷിച്ചു.

വ്യവസായ ആവശ്യത്തിനായി വാങ്ങിയ 25 സെന്റ് ഭൂമി ബഡ്സ് സ്കൂളിനായി ഉപയോഗപ്പെടുത്തുമ്പോൾ അത്രയും സ്ഥലം ഗ്രാമപഞ്ചായത്ത് വ്യവസായ എസ്റ്റേറ്റിനായി കണ്ടെത്തണമെന്നും ടി വ്യവസായ എസ്റ്റേറ്റിൽ ഇപ്പോൾ പ്രവർത്തിക്കുന്ന സംരംഭങ്ങളെ ദോഷകരമായി ബാധിക്കാതിരിക്കാൻ പഞ്ചായത്ത് ശ്രദ്ധിക്കണമെന്നുമുള്ള വ്യവസ്ഥകളോടെ പരാമർശിത സ്ഥലത്ത് ബഡ്സ് സ്കൂൾ നിർമ്മിക്കുന്നതിന് മയ്യിൽ ഗ്രാമപഞ്ചായത്തിന് അനുമതി നല്കാവുന്നതാണെന്ന് പരാമർശം (4) പ്രകാരം കണ്ണൂർ വ്യവസായ കേന്ദ്രം ജനറൽ മാനേജർ അറിയിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ, മേൽ പരാമർശിച്ച 25 സെന്റ് സ്ഥലം ബഡ്സ് സ്ക്കൂളിനായി ഉപയോഗപ്പെടുത്തുമ്പോൾ, അത്രയും സ്ഥലം, ഗ്രാമപഞ്ചായത്ത് വ്യവസായ എസ്റ്റേറ്റിനായി കണ്ടെത്തണമെന്നും ടി വ്യവസായ എസ്റ്റേറ്റിൽ ഇപ്പോൾ പ്രവർത്തിക്കുന്ന സംരംഭങ്ങളെ ദോഷകരമായി ബാധിക്കാതിരിക്കാൻ ഗ്രാമപഞ്ചായത്ത് ശ്രദ്ധിക്കണം എന്ന വ്യവസ്ഥയിന്മേൽ ബഡ്സ് സ്ക്കൂൾ നിർമ്മിക്കുന്നതിന് വിനിയോഗിക്കുന്നതിനായി മയ്യിൽ ഗ്രാമപഞ്ചായത്തിന് ഇതിനാൽ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻപ്രകാരം)

കെ.കെ. രാജഗോപാലൻ നായർ
ഡെപ്യൂട്ടി സെക്രട്ടറി
പ്രിൻസിപ്പൽ സെക്രട്ടറിക്കു വേണ്ടി

ഡയറക്ടർ ഓഫ് പഞ്ചായത്ത്, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
സെക്രട്ടറി, മയ്യിൽ ഗ്രാമപഞ്ചായത്ത്, മയ്യിൽ പി.ഒ., കണ്ണൂർ - 670 602
ജനറൽ മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം, കണ്ണൂർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ&എ) കേരള,തിരുവനന്തപുരം.
വ്യവസായ വകുപ്പ്
നിയമ വകുപ്പ്
സാമൂഹ്യനീതി വകുപ്പ്
ഇൻഫർമേഷൻ കേരള മിഷൻ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ